# പതിമൂന്നാം കേരള നിയമസഭ
# എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. 728 20.03.2013 - ൽ മറുപടിയ്ക്ക്

## ഔഷധസസ്യങ്ങളുടെ സംരക്ഷണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ<br>ശ്രീ.എൻ.ഷംസുദ്ദീൻ<br>ശ്രീ. സി.മോയിൻകുട്ടി<br>ശ്രീ.കെ.എൻ.എ.ഖാദർ | | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ മന്ത്രി) | |
| (എ) | ആരോഗ്യസംരക്ഷണ പ്രവർത്തനരംഗത്ത് അനിവാര്യമായ ഔഷധസസ്യങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് ആരോഗ്യവകുപ്പിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ;എങ്കിൽ അതുസംബന്ധിച്ച വിശദവിവരം നല്കാമോ; | (എ) | ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന സംസ്ഥാന ഔഷധ സസ്യബോർഡ് ഔഷധ സസ്യങ്ങളുടെ സംരക്ഷണം, കൃഷി വ്യാപനം, ബോധവൽക്കരണം, ഗവേഷണം തുടങ്ങി ഔഷധ സസ്യ മേഖലയെ പരിപോഷിപ്പിക്കുന്നതി - നാവശ്യമായ വിവിധങ്ങളായ പദ്ധതികൾ ദേശീയ ഔഷധ സസ്യബോർഡിന്റെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്താകമാനം നടപ്പിലാക്കിവരുന്നുണ്ട്. ഔഷധ സസ്യങ്ങളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി വനം വകുപ്പ്, വനം വികസന കോർപ്പറേഷൻ, ജയിൽ വകുപ്പ് തുടങ്ങി സർക്കാർ സ്ഥാപനങ്ങളുമായി സഹകരിച്ച് ഔഷധ സസ്യങ്ങളുടെ വൻതോതിലുള്ള കൃഷി നടപ്പിലാക്കി വരുന്നു. 2002 മുതൽ 2008 വരെ കർഷകരിൽ കൂടിയും കർഷക സംഘങ്ങളിൽകൂടിയും ഔഷധ സസ്യങ്ങളുടെ കൃഷി സംസ്ഥാനത്ത് വ്യാപിപ്പിക്കുവാൻ സംസ്ഥാന ഔഷധ സസ്യബോർഡിന് സാധിച്ചിട്ടുണ്ട്. 2008 മുതൽ കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ വഴി നടപ്പിലാക്കിവരുന്നു. ഔഷധ സസ്യങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുവേണ്ടി |

ഗൃഹാങ്കണത്തിൽ ഔഷധോദ്യാനം, ദേശീയ നെല്ലിമിഷൻ, സ്കൂളിലൊരു ഔഷധത്തോട്ടം തുടങ്ങിയ ജനപ്രിയ പദ്ധതികളും സംസ്ഥാന ഔഷധ സസ്യബോർഡ് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു.

(ബി) വെളിമ്പറമ്പുകളിൽ ലഭ്യമായിരുന്ന വിവിധതരം ഔഷധസസ്യങ്ങൾ വിവേചനരഹിതമായി ശേഖരിക്കുന്നതുമൂലവും, ഭൂവിനിയോഗത്തിലെ മാറ്റങ്ങളുംമൂലം അന്യം നിന്നു പോകുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ട്.

(സി) വംശനാശം വന്നുകൊണ്ടിരിക്കുന്ന ഔഷധസസ്യങ്ങളെ സംരക്ഷിക്കുന്നതിനും, ഔഷധനിർമ്മാണത്തിനാവശ്യമായവയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും,വിവിധവകുപ്പുകളുമായി സഹകരിച്ച് ഒരു സമഗ്ര പദ്ധതി നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ?

(സി) ദേശീയ ഔഷധ സസ്യബോർഡിന്റെയും സംസ്ഥാന സർക്കാരിന്റെയും സാമ്പത്തിക സഹായത്തോടെ വംശനാശം നേരിടുന്ന ഔഷധ സസ്യങ്ങളെ സംരക്ഷിക്കുന്നതിനും ആയുർവേദ മരുന്ന് നിർമ്മാണ രംഗത്തും ആരോഗ്യ സംരക്ഷണ രംഗത്തും അവയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുമായി സംസ്ഥാന ഔഷധ സസ്യബോർഡ് സംസ്ഥാനത്തെ വിവിധ സർക്കാർ-സർക്കാതിര സംഘടനകളുമായി ചേർന്ന് വിവിധ പദ്ധതികൾ നടപ്പിലാക്കിക്കൊരിക്കുന്നു. കൂടാതെ വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളായ ചന്ദനം, അശോകം എന്നീ ഔഷധസസ്യങ്ങളുടെ കൃഷിയും സംരക്ഷണത്തിനുമായി ദേശീയ ഔഷധ സസ്യബോർഡിന്റെ സാമ്പത്തിക സഹായത്തോടെ സംസ്ഥാന വന ഗവേഷണ സ്ഥാപനം കാർഷിക സർവ്വകലാശാല , സർക്കാർ ആയുർവേദ ഗവേഷണ സ്ഥാപനം, എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ച് ഗൃഹാങ്കണത്തിൽ അശോകവും ചന്ദനവും എന്ന പദ്ധതി 2012-2013 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരികയാണ്.

സെക്ഷൻ ഓഫീസർ